# വചന വിചിന്തനം : മെയ് 24 ഞായർ, 2009

**മർക്കോസ്. 16:9–20**

– യേശു തന്റെ ഉയിർപ്പിനുശേഷം ശിഷ്യർക്കും, മഗ്ദലനമറിയത്തിനും പ്രത്യക്ഷപ്പെടുന്നു. അവർ അറിയിക്കുന്ന ഈ വാർത്ത മറ്റുശിഷ്യർ വിശ്വസിക്കുന്നില്ല.

– ശിഷ്യർ പതിനൊന്നു പേരും ഒന്നിച്ചിരിക്കുമ്പോൾ യേശു പ്രത്യക്ഷപ്പെടുന്നു. അവരുടെ വിശ്വാസരാഹിത്യത്തെയും, ഹൃദയകാഠിന്യത്തെയും കുറ്റപ്പെടുത്തുന്നു. അവർക്ക് പ്രേഷിത ദൗത്യവും ശക്തിയും അധികാരവും നല്കുന്നു.

– യേശു സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ട് ദൈവത്തിന്റെ വലത്തുഭാഗത്തായിരിക്കുന്നു. ശിഷ്യരുടെ പ്രവർത്തനങ്ങളിൽ നിരന്തര സാന്നിധ്യമായി തുടരുകയും ചെയ്യുന്നു.

**ഫിലിപ്പി.2:1–11**

–ഫിലിപ്പിയിലെ സ്വാർത്ഥത നിറഞ്ഞ സമൂഹത്തിനു മുമ്പിൽ ശ്ലീഹാ ക്രിസ്തുവിന്റെ മാതൃക അവതരിപ്പിക്കുന്നു.

– യേശുക്രിസ്തുവിന്റെ മനോഭാവം ഓരോവിശ്വാസിയും സ്വന്തമാക്കണം

– മാത്സര്യവും വ്യർത്ഥാഭിമാനവും വെടിഞ്ഞ് മറ്റുള്ളവരെ ശ്രേഷ്ഠരായി കരുതണം.

– സ്വയം ശൂന്യമാക്കിക്കൊണ്ട് നമ്മെത്തന്നെ എളിമപ്പെടുത്തുമ്പോഴാണ് ദൈവം ഉയർത്തുന്നത്.

**വിചിന്തനം**

ദൈവത്തിലും അവിടുത്തെ വാഗ്ദാനങ്ങളിലും വിശ്വാസിക്കുന്നവരാകുക എന്നതാണ് ഏറ്റവും പ്രധാനമായ കാര്യം. ഉത്ഥാനത്തിന്റെ സദ്വാർത്തഉൾക്കൊള്ളാൻ നമ്മുടെ മനസ്സിനാകണം. പീഢാനുഭവ ചിന്തകളിൽ അത് കുടുങ്ങിക്കിടക്കരുത്. ഉത്ഥാനത്തിന്റെ പ്രതീക്ഷ ഉള്ളിൽ പേറുമ്പോഴാണ് അത് പകർന്നുകൊടുക്കുവാൻ സാധിക്കുന്നത്. അതാണ് സഭയിലെ ഓരോ അംഗങ്ങളുടെയും പ്രേഷിതദൗത്യം. ഇതിനു നമുക്ക് സാധിക്കുന്നത് ദൈവത്തിന്റെ സഹായത്താലാണ്. ഉത്ഥിതനായ യേശുവിന്റെ നിരന്തര സാന്നിദ്ധ്യവും, സഹായവും ഈ ദൗത്യ നിർവഹണത്തിന് നമ്മെ പ്രാപ്തരാക്കുന്നു. അങ്ങനെ ക്രിസ്തുവിന്റെ മനോഭാവം സ്വന്തമാക്കി, അനുദിനം അതിൽ വളരുവാൻ നമുക്കു സാധിക്കുന്നു. ജീവിതത്തിൽ ഇവ നാം പാലിക്കുമ്പോൾ ജീവിതം തന്നെ ഒരു വലിയ ദൈവരാജ്യ പ്രഘോഷണമായി, സുവിശേഷ പ്രഘോഷണമായി മാറുന്നു.

**വ്യാഖ്യാനം**

ഇന്നത്തെ തിരുവചനങ്ങൾ സഭയുടെ ദൗത്യത്തെ സൂചിപ്പിക്കുന്നതാണ്. ക്രിസ്തു സഭയെ ചില ദൗത്യങ്ങൾ ഏല്പിച്ചിട്ടുണ്ട്. അവയോട് വിശ്വസ്തതാപൂർവ്വം പ്രതികരിച്ച് അവ ഏറ്റെടുത്ത് നിർവഹിക്കുവാനുള്ള കടമയും ഉത്തരവാദിത്വവും ഓരോ ക്രിസ്ത്യാനി

ക്കും ഉണ്ട്  എന്നുള്ള കാര്യം നാം വിസ്മരിക്കരുത്.

സഭയുടെ ഏറ്റവും പ്രധാന ദൗത്യം എന്നു പറയുന്നത് പ്രഘോഷണമാണ്. അതുകൊണ്ടുതന്നെ ഇത് സഭയിലെ ഓരോ അംഗത്തിന്റെയും ദൗത്യമാണ്. വാക്കുകൾ കൊണ്ടു മാത്രമല്ല, ജീവിതം കൊണ്ടും ഈ ദൗത്യം നിർവഹിക്കുവാൻ ഓരോ വിശ്വാസിയും ശ്രദ്ധിക്കണം. സഭയിലൂടെ തങ്ങൾ സ്വന്തമാക്കിയ ഉത്ഥാനാനുഭവവും, ദൈവരാജ്യാനുഭവവും മറ്റുള്ളവർക്കായി ത്യാഗപൂർവ്വം പങ്കുവയ്ക്കുവാൻ ഓരോരുത്തരും തയ്യാറാകണം. അപ്പോഴാണ് സഭ അതിന്റെ രണ്ടാമത്തെ ദൗത്യത്തിലെത്തിച്ചേരുന്നത്- അത് സൗഖ്യം കൊടുക്കുന്നവരാകുക എന്നതാണ്. അനേകരുടെ കഷ്ടപ്പാടുകളിലും വിഷമതകളിലും, ആശ്വാസം പകരുന്ന വാക്കുകളും, ഹൃദ്യമായ പെരുമാറ്റവും വഴി ദൈവസ്നേഹാനുഭവത്തിലേക്ക് ആനയിക്കുവാനും, സൗഖ്യവും സന്തോഷവും പകരുന്ന സാന്നിദ്ധ്യങ്ങളാകുവാനും ക്രിസ്ത്യാനികൾക്കു കഴിയണം. മാനസികവും ശാരീരികവുമായ സൗഖ്യം എല്ലാവരിലും ഉണ്ടാക്കുവാനുള്ള പരിശ്രമമാണ് ഇവിടെ ക്രിസ്തുവിനെ അനുകരിച്ച് നാം നടത്തുക. ക്രിസ്തുവിന്റെ മാതൃക നമുക്ക് ശക്തിയും പ്രചോദനവും നല്കുന്നുണ്ട്. ക്രിസ്തുവിന്റെ മനോഭാവം സ്വന്തമാക്കുവാൻ ശ്രമിക്കുമ്പോൾ, അതിൽ വളരുമ്പോൾ ക്രിസ്ത്വാനുഭവം നമ്മിലും, മറ്റുള്ളവരിലും ഉണ്ടാകുവാൻ ഇടയാക്കുന്നു. ക്രിസ്തുവിന്റെ നിരന്തര സാന്നിദ്ധ്യവും, അതിലൂടെ ജീവിതത്തിലെ ഏതനുഭവവും നേരിടുവാനുള്ള കരുത്തും നമുക്കു സ്വന്തമാകുന്നു. അതിനുവേണ്ടി ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

**ഫാ. സ്ക്കറിയ ഉറുമ്പിൽ**